# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7 -ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2023
ജൂൺ 11


**ശ്ളീഹാ മൂന്നാം ഞായർ**



# അയൽപക്കത്തേക്കുള്ള അകലങ്ങൾ

നിയ 1:5-8 (1:317), ഏശ 1:1-9, കൊറി 7:1-7, ലൂക്കാ 10:25-37 (10:23-42)

**അമൃതം ഗമയ**

'നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?'

മനുഷ്യവംശത്തിന് അസ്തിത്വബോധമുദിച്ച കാലം തൊട്ട് ഉത്തരം തേടുന്ന ചോദ്യമാണത്. ഇന്ന് ലഭ്യമായതിൽ ഏറ്റവും പുരാതനമായ സാഹിത്യകൃതി ബാബിലോണിലെ ഗിൽഗമേഷ് രാജാവ് അമരത്വത്തിന്റെ ഔഷധം തേടിപ്പോകുന്ന സാഹസിക യാത്ര ഇതിവൃത്തമാക്കിയ ഗാഥയാണ്. മരണത്തിന്റെ രഹസ്യമറിയാനായി യമധർമന്റെ പക്കലേക്ക് പോയ നചികേതസ് എന്ന ബാലന്റെ അയൽ പക്കത്തേക്കുള്ള അകലങ്ങൾ കഥ.

കഠോപനിഷത്തിൽ നമുക്ക് കാണാം. നിത്യം ജീവിക്കണം എന്ന ആശ മനുഷ്യന്റെ പ്രജ്ഞയിൽ അന്തർലീനമാണ്.

പക്ഷേ, അനന്തമായി നയിക്കേണ്ട ജീവിതം എന്തായിരിക്കണം എന്നത് സംബന്ധിച്ച് വൈവിധ്യമാർന്ന പരിപ്രേക്ഷ്യങ്ങളാണുള്ളത്. ജൈവ ധാർമിക ദാർശനികനായ ഗിയോർഗിയോ അഗാംബെൻ കേവല ജീവൻ (bare life, Zoe) എന്നും സംസ്കൃതജീവൻ (Bios) എന്നും മനുഷ്യ ജീവനെ ദ്വന്ദവത്കരിക്കുന്നു. ജീവന്റെ ഏറ്റവും പ്രാകൃതമായ രൂപമാണ് കേവല ജീവൻ. ജീവസന്ധാരണം നടത്തുക, പ്രത്യുൽപാദിപ്പിക്കുക, താൽക്കാലികമായ സുഖഭോഗങ്ങളിൽ മുഴുകുക എന്നീ അടിസ്ഥാന ചോദനകളിൽ അധിഷ്ഠിതമായ ഒരു ജീവിതം. അത് എന്നെന്നും തീക്ഷ്ണമായി നില നിന്നെങ്കിൽ എന്ന തൃഷ്ണ സ്വാഭാ വികമാണ്. ഇന്ദ്രിയ സുഖങ്ങളിൽ മതിവരാതെ മകന്റെ യൗവനം കടം വാങ്ങിയ യയാതി രാജാവിനെ മഹാഭാരത ഇതിഹാസത്തിൽ നാം കണ്ടുമുട്ടുന്നു.



**ആൽഫസ് പത്രോസ്**

അനന്തമായ ഭൗതീക സുഖാസ്വാദനമായി സ്വർഗത്തെ ചിത്രീകരിക്കുന്ന ചിന്താധാരകളും നമുക്കപരിചിതമല്ല.

നാഗരീകതയിലേക്ക് വളർന്ന മനുഷ്യൻ അമർത്യത തേടുന്നത് സാംസ്കാരികമായ നേട്ടങ്ങളിലാണ്. വീരകൃത്യങ്ങൾ വഴിയും സർഗാത്മക സൃഷ്ടികൾ വഴിയും തലമുറകൾക്കപ്പുറം നീളുന്ന സ്മരണകൾ സൃഷ്ടിച്ച് അമരത്വം നേടുവാനുള്ള പരിശ്രമമാണ് നാഗരികത എന്ന് ഏർണ്സ്റ്റ് ബെക്കർ തന്റെ വിഖ്യാതമായ 'Denial of Death' എന്ന ഗ്രന്ഥത്തിൽ സമർത്ഥിക്കുന്നു. കുടുംബ, സമുദായ, ദേശ ചരിത്രങ്ങളിൽ പിൻതലമുറ അഭിമാനം കൊള്ളുമ്പോൾ; മനോഹരമായ കലാസൃഷ്ടികളിലൂടെയും സാഹിത്യ കൃതികളിലൂടെയുമെല്ലാം അവയുടെ സ്രഷ്ടാക്കൾ അനുസ്മരിക്കപ്പെടുമ്പോൾ, അവിടങ്ങളിൽ ഒരർത്ഥത്തിൽ മരണം പരാജയപ്പെടുകയാണ്. ഗാന്ധിജിയും, ഷേക്സ്പിയറും, ഐൻസ്റ്റീനും, ഭഗത് സിംഗും ഒക്കെ അക്ഷരാർത്ഥത്തിൽ യശ:ശരീരർ ആണല്ലോ - മനുഷ്യരാശി ഉള്ളിടത്തോളം കാലം അമരമായ കീർത്തി നേടിയവർ!

## അവനിൽ ജീവനുണ്ടായിരുന്നു

സുവിശേഷത്തിൽ മിശിഹാ വാഗ്ദാനം ചെയ്യുന്ന ജീവൻ ഭൗതീകമോ, സാംസ്കാരികമോ ആയ ഒന്നല്ല; മറിച്ച് ദൈവീകജീവനിലുള്ള പങ്കുചേരലാണ്. ഇറങ്ങിവരവിൽ അനുഭവവേദ്യമാകുന്ന; സ്നേഹത്തിൽ പ്രത്യക്ഷവത്കരിക്കപ്പെടുന്ന ജീവൻ. മനുഷ്യരുടെ വെളിച്ചമായ ആ ജീവനിലേക്ക് പുതുജൻമം പ്രാപിക്കാനുള്ള ആഹ്വാനമാണ് സുവിശേഷം.

ഭൗതികമായ സുഖങ്ങളോടും മാനുഷികമായ കീർത്തിയോടുമുള്ള ആഭിമുഖ്യങ്ങളെ ത്യജിക്കുന്ന സ്വയം ശൂന്യവത്കരണത്തിലാണ് മിശിഹായോട് നാം ഒന്നാകുക. സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അതു നഷ്ടപ്പെടുത്തും. എന്നെ പ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും. (മത്തായി 10:39) എന്ന് കർത്താവ് പഠിപ്പിച്ചതിന്റെ പൊരുൾ അതാണ്.

ദൈവികജീവൻ കണ്ടെത്തുന്നവൻ എല്ലാം മിശിഹാക്കുവേണ്ടി നഷ്ടമാക്കുന്നു. പൗലോസ് ശ്ലീഹാ ഈ അനുഭവം സ്വഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും ഏറ്റുപറയുന്നുണ്ട്: എന്റെ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ, സർവവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയുമാണ്. (ഫിലിപ്പി 3:8)

കർത്താവിന്റെ ജീവനിൽ പങ്കുചേരുന്നവൻ, മുന്തിരിയുടെ തായ്ത്തണ്ടിൽ വസിക്കുന്ന ശാഖ പോലെ ദൈവികജീവൻ സംവഹിച്ച് ഫലം പുറപ്പെടുവിക്കുന്നു. ഈറ്റുനോവ് അനുഭവിക്കുന്ന അമ്മയെ പോലെ, പുതുമുളയാകാൻ നിലത്തുവീണ് അഴുകുന്ന ഗോതമ്പ് മണിയെപോലെ, സ്വന്തം നഷ്ടങ്ങളെപ്പറ്റി തെല്ലും അവബോധമില്ലാതെ അപരനോടുള്ള അനുകമ്പ അവനിൽ നിന്നും ജീവജലപ്രവാഹമായി ഒഴുകുന്നു. എല്ലാ കൽപനകളും 'സ്നേഹം' എന്ന ഏക ശബ്ദത്തിൽ സമഗ്രമാക്കപ്പെടുന്നു.

കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണു താനും. ആദിമുതലേ നിങ്ങൾ കേട്ടിരിക്കുന്ന സന്ദേശം ഇതാണ്: നാം പരസ്പരം സ്നേഹിക്കണം.

സഹോദരരെ സ്നേഹിക്കുന്നതുകൊണ്ടു നമ്മൾ മരണത്തിൽ നിന്നും ജീവനിലേക്കു കടന്നിരിക്കുന്നു എന്നു നാമറിയുന്നു; സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽത്തന്നെ നിലകൊള്ളുന്നു.

ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽ നിന്നു സ്നേഹം എന്തെന്നു നാമറിയുന്നു. നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു. (1 യോഹന്നാൻ 3:1-16)

## അതിരുകളില്ലാത്ത വീട്

ഇന്നത്തെ സുവിശേഷം നിത്യജീവനെക്കുറിച്ചുള്ള ആ ചോദ്യത്തിൽ നിന്നാണ് ആരംഭിക്കുക. ചോദ്യകർത്താവ് ഒരു നിയമജ്ഞനാണ്. നിയമം നിർവചനങ്ങളും ശാസനങ്ങളും വഴിയാണ് മനുഷ്യരുടെ പ്രവൃത്തികൾ നിയന്ത്രിക്കുക. നിത്യജീവൻ അവകാശമാക്കാനുള്ള നിയമം - ദൈവ സ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും നിയമം - അയാളെക്കൊണ്ട് തന്നെ ഈശോ ഉത്തരമായി പറയിക്കുന്നുണ്ട്. അപ്പോൾ അയാൾ നിയമജ്ഞന്റെ തലത്തിൽ നിന്നുകൊണ്ട് കൃത്യമായ നിർവചനം ആരായുന്നു: 'ആരാണ് എന്റെ അയൽക്കാരൻ ?'

നിർവചനത്തിന്റെ പ്രത്യേകത അത് പരിമിതപ്പെടുത്തുന്നു എന്നതാണ്. അയൽക്കാരൻ ആരാണ് എന്ന് നിർവചിക്കുമ്പോൾ അയൽക്കാരൻ ആരല്ല എന്നും കൃത്യമായി പറയേണ്ടിവരും. എന്റെ സ്നേഹം എവിടെവരെ, ആരിൽ വരെ പരിമിതപ്പെടുത്തണം എന്ന് കൃത്യമായി അറിഞ്ഞ്, ആ പരിമിതിക്കുള്ളിൽ നിന്ന് കളിച്ച് നേടുന്ന ഒരു ട്രോഫി ആണ് നിയമജ്ഞനെ സംബന്ധിച്ചിടത്തോളം നിത്യജീവൻ. അയാളുടെ മനസ് വരച്ചിട്ട കളിക്കളത്തിലേക്ക് ഒട്ടും പ്രതീക്ഷിക്കാത്ത ഒരാളെയാണ് ഈശോ ഇറക്കുന്നത്.

ഒരേ ദൈവത്തിൽ വിശ്വസിക്കുന്ന, ഒരേ പൂർവ പിതാക്കൻമാരിൽ നിന്നും ഉത്ഭവിച്ച സമരിയാക്കാരെ, വംശശുദ്ധിയില്ലാത്തവരായി ഗണിച്ച് യഹൂദർ അകറ്റി നിർത്തിയിരുന്ന സാഹചര്യത്തിലാണ് കരുണയുടെ സാർവത്രിക പര്യായപദമായി കർത്താവ് ഒരു


സമരിയാക്കാരനെ വരച്ചിടുക. അലിവിന്റെയും കരുതലിന്റെയും ശുശ്രൂഷ അതിരുകൾ കടന്ന് ചെയ്യുമ്പോൾ അയാൾ നല്ല അയൽക്കാരന്റെ പ്രോട്ടോടൈപ് ആയി മാറുന്നു. അയാളെ അനുകരിക്കാൻ കൽപിക്കുമ്പോൾ കർത്താവ് നിയമജ്ഞന്റെ ആദ്യത്തെ ചോദ്യത്തിനുള്ള മറുപടി കൃത്യമായി നൽകുകയാണ്.

ആരാണ് നിത്യജീവന്റെ അവകാശി? സ്വർഗീയപിതാവിനെപ്പോലെ അയൽപക്കങ്ങൾക്ക് അതിരുകൾ കൽപിക്കാത്തവന്റെ ; അപരന്റെ വേദനയിൽ മനസലിയുന്നവന്റെ ; പരോപകാരം സ്വഭാവത്തിൽ തന്നെ അന്തർലീനമാക്കി പിതാവിന്റെ പൂർണതയിലേക്ക് വളരാൻ ശ്രമിക്കുന്നവന്റെ - ഓഹരിയാണ് നിത്യജീവൻ.

അങ്ങനെ, നിങ്ങൾ നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും. അവിടുന്ന് ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാൻമാരുടെയും, നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്നു. നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്കെന്തു പ്രതിഫലമാണു ലഭിക്കുക? ചുങ്കക്കാർപോലും അതുതന്നെ ചെയ്യുന്നില്ലേ? സഹോദരങ്ങളെ മാത്രമേ നിങ്ങൾ അഭിവാദനം ചെയ്യുന്നുള്ളുവെങ്കിൽ വിശേഷവിധിയായി എന്താണു നിങ്ങൾ ചെയ്യുന്നത്? വിജാതീയരും അതുതന്നെ ചെയ്യുന്നില്ലേ?

അതുകൊണ്ട്, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ. (മത്തായി 5:45-48)

മതാചാരങ്ങളുടെ ഏകാഗ്രവും ആചാരബദ്ധവുമായ പാലനം പലപ്പോഴും ഈ പൂർണതയി



ലേക്കുള്ള വളർച്ചയിൽ തടസമായേക്കാം എന്ന മുന്നറിയിപ്പാണ് വീണുകിടന്നവനെ കണ്ടിട്ടും ഗൗനിക്കാതെ കടന്നുപോയ പുരോഹിതനെയും ലേവായനെയും ഈ ഉപമയിൽ കഥാപാത്രങ്ങളാക്കുന്നതിലൂടെ കർത്താവ് നൽകുന്നത്. ബലിക്കുപരിയായി കരുണ ആഗ്രഹിക്കുന്ന ദൈവത്തിന് കൃത്യമുഹൂർത്തത്തിൽ, ആചാരപരമായ ശുദ്ധിയോടെ ബലിയണക്കാനുള്ള യാത്രയിലായിരുന്നു അവർ. പക്ഷെ ആ കർത്തവ്യനിഷ്ഠ അവരെ നിത്യജീവനിലേക്ക് നയിച്ചോ എന്നത് ഇന്നും ഏറെ പ്രസക്തമായ ചിന്തയല്ലേ? യാത്രയുടെ ലക്ഷ്യത്തെ മറന്ന്, കരുണക്ക് പ്രാമുഖ്യം നൽകിയവൻ ആണല്ലോ ഉത്തമമാതൃകയായി പ്രഖ്യാപിക്കപ്പെടുന്നത്.

## കർത്താവും ജീവദാതാവും

പരിശുദ്ധ റൂഹാ സഭയിലും ലോകത്തിലും ശ്ളീഹൻമാരിലൂടെ നടത്തിയ കൃപാവർഷമാണ് ശ്ളീഹാക്കാലത്തിന്റെ ധ്യാനവിഷയം. സകലത്തെയും ജീവിപ്പിക്കുന്ന ആത്മാവാണ് കരുണയുടെ ദൈവസ്വഭാവവുമായി നമ്മെ താദാത്മ്യപ്പെടുത്തുന്നത്. പരിശുദ്ധ കന്യകാമറിയത്തിനു മേൽ മാലാഖായുടെ സന്ദേശ വേളയിൽ റൂഹാ ആവസിച്ചു; അവൾ ഈശോയെ ഗർഭം ധരിച്ചു. ദൈവികജീവന്റെ നിറവിലേക്ക് കടന്ന പരിശുദ്ധ അമ്മ എലിസബത്തിനെ ശുശ്രൂഷിക്കാനായി തിടുക്കപ്പെട്ട് മലമ്പ്രദേശത്തുള്ള അവളുടെ വീട്ടിലേക്ക് പോകുന്നതാണ് നാം പിന്നീട് കാണുക. നമ്മുടെയുള്ളിൽ റൂഹായാൽ നിക്ഷിപ്തമാകുന്ന മിശിഹായുടെ സ്നേഹം ജീവന്റെ പ്രവൃത്തികൾ ചെയ്യുന്നതിന് സദാ നമ്മേ നിർബന്ധിച്ചുകൊണ്ടേയിരിക്കുന്നു. തങ്ങൾക്കുള്ളതെല്ലാം വിറ്റ് ദരിദ്രരുടെയും വിധവകളുടെയും ശുശ്രൂഷക്കായി, ശ്ളീഹൻമാരെ ഏൽപിച്ച ആദ്യകാല വിശ്വാസികളിലും ആ ദൈവീകജീവൻ ആണ് ചലനാത്മക തത്വമായി പ്രവർത്തിച്ചത്. ആ ജീവനിലാണ് നാം പ്രവേശിച്ച് നിത്യം നിലകൊള്ളേണ്ടത്.

അയൽപക്കങ്ങൾക്ക് അതിരുകൽപിക്കാത്ത, കരുണക്ക് പരിധികൾ നിർണയിക്കാത്ത, അപരരിലേക്ക് നിരന്തരമായി അലിവും അൻപും അനുകമ്പയും ചൊരിയുന്ന, അളവില്ലാത്ത സകല നൻമസ്വരൂപിയായ പിതാവിന്റെ പൂർണതയിലേക്ക് വളരാനുള്ള കൃപ കർത്താവും ജീവദാതാവുമായ റൂഹാ നമ്മിൽ വർഷിക്കട്ടെ! അങ്ങനെ നാം മിശിഹാ വാഗ്ദാനം ചെയ്ത നിത്യജീവന് അവകാശികളായി തീരുകയും ചെയ്യട്ടെ!


▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com